നിർമ്മിക്കുന്ന മൈസൂർ-അരിക്കോട്, തിരുനെൽവേലി -കൊച്ചി എന്നീ 400 കെ.വി. ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

59 (399) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പൂർത്തീകരിച്ച കണക്ഷനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കേന്ദ്രമാക്കി രൂപീകരിക്കുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) താമരക്കുളം ഗ്രാമപഞ്ചായത്തിൽ വെൽഫെയർ എൽ.പി.എസ്-നു സമീപം താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിനുള്ള തുക അനുവദിക്കുമോ ?

ഉത്തരം

(എ) ഒക്ടോബർ 2014 വരെ 6257 സർവ്വീസ് കണക്ഷനുകൾ നൽകുകയും 49 കിലോമീറ്റർ 11 കെ.വി. ലൈനും 61 കിലോമീറ്റർ എൽ.റ്റി. ലൈനും വലിക്കുകയും 72 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്ഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു :

ബി.പി.എൽ. വെതർപ്രൂഫ്	373
ബി.പി.എൽ. ഓവർഹെഡ്	80

LIBRARY ARCHIVES Kerala Legislative Assembly

എ.പി.എൽ. ഓവർഹെഡ്	17
എസ്.സി./എസ്.ടി. വിഭാഗം	71

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം ബോർഡ് പരിഗണിച്ചുവരുന്നു.

(ഡി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം കേശവപിള്ള ട്രാൻസ്ഫോർമർ പോയിന്റ് മുതൽ വെൽഫെയർ യു.പി. സ്കൂൾ ട്രാൻസ്ഫോർമർ വരെയുള്ള 1.25 കിലോമീറ്റർ സിംഗിൾ സർക്യൂട്ട് 11 കെ.വി. ഓവർഹെഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 13,16,150- രൂപയുടെ എസ്റ്റിമേറ്റ് വർക്ക് ഡെപ്പോസിറ്റ് സ്കീമിൽ തയ്യാറാക്കി ബഹുമാനപ്പെട്ട എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള 11 കെ.വി. ലൈൻ വെൽഫെയർ സ്കൂൾ കെട്ടിടത്തിൽനിന്നും 60 മീറ്റർ മാറി പുറകുവശത്തുകൂടിയാണ് കടന്നുപോകുന്നത്. പ്രസ്തുത ലൈൻ താഴുകിടക്കുന്ന നിലയിലും അല്ല.

(ഇ) തുക അനുവദിക്കാവുന്നതല്ല. എം.എൽ.എ. ഫണ്ടിൽനിന്നും ടി തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

മീറ്ററുകളുടെ ക്ഷാമം

60 (400) <u>ശ്രീ. മാത്യു. റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിൽ മീറ്ററുകളുടെ ക്ഷാമംമൂലം കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേടായ മുഴുവൻ എൽ.റ്റി.സി.റ്റി. മീറ്ററുകളും മാറ്റി പുതിയ മീറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly